## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3492** 21/12/12 ൽ മറുപടിയ്ക്ക്

### അനധികൃതമായി നിർമ്മിച്ച വീടുകൾക്ക് നമ്പർ നൽകാനുള്ള നടപടി

ചോദ്യം

ശ്രീ.പി.റ്റി.എ.റഹീം

ഉത്തരം

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

എ) അനധികൃതമായി നിർമ്മിച്ച, 1000 ചതുരശ്ര അടിയിൽ താഴെയുള്ള വീടുകൾക്ക് നമ്പർ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

ബി) എങ്കിൽ പ്രസ്തുത നമ്പർ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

എ) & ബി) കെട്ടിട നിർമ്മാണചട്ടങ്ങളും, നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീ. വരെയുള്ള വീടുകൾക്ക് നിബന്ധനകളോടെ താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

സി) ഇത്തരം വീടുകൾക്ക് പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി ചുമത്തുന്നതിനുള്ള മാനദണ്ഡമെന്താണ് ;

സി) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ 235 എഎ വകുപ്പ് ഉപവകുപ്പ് പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തു നികുതി യായി നൽകുവാൻ ഉടമസ്ഥന് ബാദ്ധ്യതയുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഡി) ഇങ്ങനെ താൽക്കാലിക നമ്പർ നൽകുന്നത് പഞ്ചായത്തിന്റെ വരുമാനത്തെ ബാധിക്കുകയും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഡി) അനധികൃത കെട്ടിടങ്ങൾക്ക് നിശ്ചയിക്കുന്ന തുകയുടെ ഇരട്ടി തുക വസ്തു നികുതിയായി ചുമത്തുന്നത് മൂലം ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട വരുമാനത്തെ ബാധിക്കുന്നില്ല. താത്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

നൽകി എന്ന കാരണത്താൽ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള 100m² വരെയുള്ള കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല.

| | |
|---|---|
| ഇ) നിലവിലെ നിയമത്തിൽ തന്നെ അനധികൃത കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പരിടാനും നികുതി ചുമത്താനും വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഇ) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ